# കേരള സർവകലാശാല

നം. പി.ആർ.129/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.എ മ്യൂസിക് പ്രാക്ടിക്കൽ

കേരള സർവകലാശാല നാലാം സെമസ്റ്റർ ബി.എ മ്യൂസിക് പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് നാല്, അഞ്ച് തീയതികളിൽ തിരുവനന്തപുരം ഗവ. വനിതാ കോളേജിലും ആഗസ്റ്റ് എട്ടിന് നീറമൺകര എൻ.എസ്.എസ് വനിതാ കോളേജിലും ആഗസ്റ്റ് ഒമ്പത്, പത്ത് തീയതികളിൽ കൊല്ലം എസ്.എൻ വനിത കോളേജിലും രാവിലെ 9.30 മണിമുതൽ നടത്തും. ടൈംടെബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഡിഗ്രി ടൈംടേബിൾ

കേരള സർവകലാശാല കരിയർ റിലേറ്റഡ് രണ്ടാം സെമസ്റ്റർ ബി.എസ്സി കമ്പ്യൂട്ടർ സയൻസ്, ബി.എസ്.ഡബ്ല്യു, ബി.സി.എ കോഴ്സിന്റെ (2015 അഡ്മിഷൻ - റഗുലർ, 2014 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2013 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ആഗസ്റ്റ് ഒന്നിന് തുടങ്ങും. ടൈംടെബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അഡോളസന്റ് ആൻഡ് പ്രീ മാരിറ്റൽ കൗൺസലിംഗ് കോഴ്സ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പി.ജി സർട്ടിഫിക്കറ്റ് ഇൻ അഡോളസന്റ് ആൻഡ് പ്രീ മാരിറ്റൽ കൗൺസലിംഗ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. കോഴ്സ് കാലാവധി നാല് മാസം, യോഗ്യത : ഡിഗ്രി ജയം. ഫീസ് 7500/- രൂപ. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ നടത്തും. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 25. ഫോൺ. 0471-2302523.

## ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ഫലം

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം പിരപ്പൻകോട് യു.ഐ.ടിയിലും മാവേലിക്കര ബിഷപ് മൂർ കോളേജിലും മാർച്ചിൽ നടത്തിയ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ചിന്നു എ (രജി.നം 10164) ഒന്നാം റാങ്ക് നേടി.

## യോഗ & മെഡിറ്റേഷൻ കോഴ്സ് : ഈവനിംഗ് ബാച്ച്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആൻഡ് മെഡിറ്റേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. കോഴ്സ് കാലാവധി മൂന്ന് മാസം. യോഗ്യത: പ്ലസ് ടു/പ്രീഡിഗ്രി. ക്ലാസുകൾ വൈകുന്നേരം അഞ്ച് മുതൽ ഏഴ് മണിവരെ നടത്തും. ഫീസ് 6000/- രൂപ. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 25. ഫോൺ. 0471-2302523.

## ശിൽപശാല

കേരള സർവകലാശാല കാര്യവട്ടം എൻവയോൺമെന്റൽ സയൻസ് പഠനവകുപ്പ് കെ.എസ്.സി.എസ്.ടി.ഇയുടെ സഹായത്തോടെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് എന്ന വിഷയത്തിൽ ജൂലൈ 21, 22 തീയതികളിൽ ശിൽപശാല നടത്തുന്നു. കെ.എസ്.സി.എസ്.ടി.ഇ ജോയിന്റ് ഡയറക്ടറായ ഡോ. കമലാക്ഷൻ കൊക്കാൽ സെമിനാർ ജൂലൈ 21 രാവിലെ 10 മണിക്ക് ഉദ്ഘാടനം ചെയ്യും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ വൈവ

കേരള സർവകലാശാല കാര്യവട്ടം ഇക്കണോമിക്സ് പഠനവകുപ്പിൽ ജൂലൈ 22 രാവിലെ 10 മണിക്ക് നാലാം സെമസ്റ്റർ എം.എ വിദ്യാർത്ഥികളുടെ വൈവ നടത്തും.

**സർവകലാശാല മന്ദിരം,**

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ

19.07.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**